# കേരളത്തിന് ദേശീയ അംഗീകാരം

ഏറ്റവും നല്ല നിലയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാനങ്ങൾക്കുള്ള ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് (രണ്ടാം സ്ഥാനം) കേരളത്തിന് ലഭിച്ചു.

ഊർജ്ജ സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായ എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ്ജസംരക്ഷണ നേട്ടങ്ങൾ വിലയിരുത്തിയാണ് അവാർഡ് നൽകിയിരിക്കുന്നത്. കേന്ദ്ര ഊർജ്ജ മന്ത്രാലയമാണ് അവാർഡ് നൽകുന്നത്. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്.

നിയമ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളും വിലയിരുത്തിയാണ് അവാർഡുകൾ പ്രഖ്യാപിക്കുന്നത്. ഇത് നാലാം തവണയാണ് ഇ.എം.സി ക്ക് അവാർഡ് ലഭിക്കുന്നത്. 2008, 2010, 2012 വർഷങ്ങളിൽ ഇ.എം.സി അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

1996-ൽ സ്ഥാപിതമായ എനർജി മാനേജ്മെന്റ് സെന്റർ ഓരോ മേഖലകൾക്കും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ, ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റുകൾ നടത്തി റിപ്പോർട്ടുകൾ നടപ്പിലാക്കൽ, ഊർജ്ജസംരക്ഷണ വിദ്യാഭ്യാസ പരിപാടികൾ, പൊതുജന ബോധവൽക്കരണ പരിപാടികൾ എന്നിവ ഇ.എം.സി നടത്തി വരുന്നു. പൊതുകെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന്റെ ഭാഗമായി ഹൈക്കോടതി ബിൽഡിംഗ്, സെക്രട്ടേറിയറ്റ്, കോഴിക്കോട്, തൃശ്ശൂർ സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ മാത്രം വർഷത്തിൽ 8 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭം നേടാനായിട്ടുണ്ട്.

ഇ. എം. സി.യുടെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ സംവിധാനം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 തെരുവുവിളക്കുകളിൽ എൽ. ഇ.ഡി വിളക്കുകൾക്കൊപ്പം സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഡിസംബർ 16 ന് ഡൽഹിയിൽ വച്ച് നടക്കുന്ന ചടങ്ങിൽ ആരാധ്യനായ രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയിൽ നിന്നും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ശ്രീ. കെ.എം. ധരേശൻ ഉണ്ണിത്താൻ അവാർഡ് ഏറ്റു വാങ്ങും.

**കൂടുതൽ വിവരങ്ങൾക്ക്:**

ഡയറക്ടർ
എനർജി മാനേജ്മെന്റ് സെന്റർ
ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം പി ഒ
തിരുവനന്തപുരം 17, ഫോൺ: 0471-2594922/23